# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. അതിനാൽ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ആസൂത്രണം സൂക്ഷ്മവും കൃത്യവുമാകേണ്ടതുണ്ട്. ഓരോ വിദ്യാലയത്തിന്റെയും വിഭവങ്ങൾക്കനുസരിച്ച് പ്രാദേശികതനിമയോടെ അത് നടപ്പിലാവണം.

സർഗ്ഗാത്മകതയെ പ്രോത്സാഹിപ്പിക്കുക, ശാസ്ത്രീയമായി പ്രശ്നവിശകലനശേഷി ഉയർത്തുക, കുട്ടികളുടെ ഭാഷാശേഷി വളർത്തുക, വ്യക്തിശുചിത്വവും പരിസരശുചിത്വവുമുള്ള ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക, ജനാധിപത്യത്തെയും ഭരണഘടനയെയും അടുത്തറിയുക, ഭരണഘടനാമൂല്യങ്ങൾ ഉറപ്പിക്കുക, പരിസ്ഥിതിയെ അടുത്തറിയുക, ഓരോ ക്ലാസ്സിലും കുട്ടി നേടേണ്ട പഠനലക്ഷ്യം ഉറപ്പാക്കുക, പഠനത്തിലെ വിവിധ നിലവാരത്തിലുള്ള വ്യക്തിവ്യത്യാസങ്ങൾ മനസ്സിലാക്കുക, ഭിന്നശേഷി സൗഹൃദമായ വിദ്യാലയാന്തരീക്ഷം ഉറപ്പാക്കുക, കുട്ടികളിലെ പഠനവിടവുകൾ നികത്തുക എന്നിവയൊക്കെയാണ് മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിലൂടെ സമഗ്രശിക്ഷാപദ്ധതിയുടെ എട്ട് മേഖലകളിലെ സൂക്ഷ്മതല പ്രവർത്തനങ്ങൾ നടപ്പിലാക്കാനാവും. കുട്ടികൾക്കും സമൂഹത്തിനും ജീവിത വിജയം ഉറപ്പാക്കാനാവും. സാമൂഹികപങ്കാളിത്തത്തോടെ സ്കൂളിലെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ലക്ഷ്യത്തിലെത്തിച്ചേരാൻ ഈ അക്കാദമിക് വർഷത്തിൽ നമുക്കാവട്ടേ എന്നാശംസിക്കുന്നു.

ബിന്ദു. കെ. എസ്
ഹെഡ് മിസ്ട്രസ്
ജി. എച്ച്. എസ്. കിടങ്ങൂർ.

## മേഖല - ഹൈസ്കൂൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| മലയാളം പാഠപുസ്തകങ്ങളിലെ വിവിധ പാഠങ്ങളുടെ രചയിതാക്കളെയും അനുബന്ധ വിഷയങ്ങളെയും കുറിച്ചുമാണ് ഡോക്യുമെന്ററികൾ തയ്യാറാക്കി വിദ്യാലയത്തിന്റെ യൂട്യൂബ് ചാനലിൽ പ്രസിദ്ധീകരിക്കുക. | 1. മലയാളം പാഠപുസ്തകങ്ങളിലെ ഓരോ യൂണിറ്റിന്റെയും പഠനം പൂർത്തീകരിക്കുന്നതനുസരിച്ച്, യൂണിറ്റിലെ പാഠങ്ങൾ എഴുതിയവരെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചും ഉപന്യാസങ്ങൾ തയ്യാറാക്കുക.<br>2. തയ്യാറാക്കിയ ഉപന്യാസങ്ങൾ അദ്ധ്യാപകരുടെ സഹായത്തോടെ മെച്ചപ്പെടുത്തി പതിപ്പ് തയ്യാറാക്കുക.<br>3. മെച്ചപ്പെടുത്തിയ ഉപന്യാസത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ ഡോക്യുമെന്ററി തിരക്കഥ തയ്യാറാക്കുക. | എട്ട് മാസം.<br>ജൂൺ മുതൽ ജനുവരി വരെ. | സ്കൂൾ ലൈബ്രറി<br>ഐ.ടി. സൗകര്യങ്ങൾ | അദ്ധ്യാപകർ |

| | | | | |
|---|---|---|---|---|
| | 4. ആവശ്യമായ തിരുത്തലുകൾ വരുത്തി തിരക്കഥ മെച്ചപ്പെടുത്തുക.<br><br>5. വിദ്യാലയത്തിൽ പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന സ്റ്റുഡിയോ റൂമിൽ, തിരക്കഥയനുസരിച്ച്, വോയിസ് ഓവർ, വീഡിയോ എന്നിവ റെക്കോർഡ് ചെയ്യുക.<br><br>6. സോഫ്റ്റ്‌വെയർ സഹായത്തോടെ എഡിറ്റ് ചെയ്യുക.<br><br>7. തയ്യാറാക്കിയ വീഡിയോ, സ്കൂളിന്റെ യൂട്യൂബ് ചാനലിൽ അപ്‌ലോഡ് ചെയ്യുക. | | | |

## മേഖല - ഹൈസ്കൂൾ - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| --- | --- | --- | --- | --- |
| (1) അത്ഭുതക്കാഴ്ചയിലൂടെ കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | * ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു.<br><br>* മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്ത്, കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിപ്പിക്കുന്നു.<br><br>* പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം.<br><br>* ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതു വേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപിക | പി.ടി.എ., സയൻസ് ക്ലബ് |

# മേഖല - ഹൈസ്കൂൾ - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| (2) ശാസ്ത്ര ലോകത്തേക്ക് | * ക്ലാസ്സുകളിൽ സെമിനാർ പേപ്പർ അവതരിപ്പിച്ച്, മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം.<br><br>* വർഷത്തിൽ ഒരു തവണ, കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ വിദ്യാലയത്തിൽ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.<br><br>* സയൻസ് ബുള്ളറ്റിൻ ബോർഡിന്റെ കാര്യക്ഷമമായ ഉപയോഗം. | അക്കാദമിക വർഷം ഒരു തവണ | സയൻസ് അദ്ധ്യാപിക | പി.ടി.എ., സയൻസ് ക്ലബ് |

# മേഖല - ഹൈസ്കൂൾ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| ഗണിതത്തിന്റെ ചരിത്രം അറിയുക | * ഗണിത ക്ലബ്ബിന്റെ പ്രവർത്തന ഭാഗമായി, സംഖ്യകളുടെ വളർച്ച ചർച്ച ചെയ്യുന്നു.<br>വിവിധ വിഷയങ്ങൾ തിരഞ്ഞെടുത്ത് സെമിനാറുകൾ നടത്തുന്നു. | ഒരു മാസം | | |
| ജാമിതീയ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള അറിവ് നേടുന്നു. | * ജാമിതീയപ്പെട്ടിയിലെ ഉപകരണങ്ങൾ കൊണ്ട് ജാമിതീയ പാറ്റേണുകൾ നിർമ്മിക്കുക | ഒരു മാസം | ഗണിത അധ്യാപിക | ഗണിത ക്ലബ് |
| മാറിയ ഗണിത സമീപനം ഉൾക്കൊണ്ട് ഗവേഷണ പ്രോജക്ടുകൾ തയ്യാറാക്കുക. | *8 9 10 ക്ലാസുകാർ തങ്ങളുടെ പാഠഭാഗവുമായി ബന്ധപ്പെട്ട ഗവേഷണ പ്രോജക്ടുകൾ തയ്യാറാക്കുന്നു.<br>പൈ ദിനം ആചരിക്കുന്നു | ഒരു മാസം | | |

# മേഖല - ഹൈസ്കൂൾ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| (1) കുട്ടികളുടെ മുന്നറിവ് പരിശോധന | * കുട്ടികളുടെ മുന്നറിവ് പരിശോധിക്കുന്നതിനുള്ള ടെസ്റ്റ് നടത്തുന്നു.<br>* തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ നേതൃത്വത്തിൽ പരിഹാരബോധന പ്രക്രിയ നടത്തുന്നു. | ജൂൺ<br>രണ്ട് ആഴ്ച | | |
| കുട്ടികൾക്ക് ഗണിതശാസ്ത്രത്തിൽ താൽപര്യമുണ്ടാക്കുന്നു. | * ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു. ഭാരവാഹികളെ തെരഞ്ഞെടുക്കുന്നു. ഒരു വർഷത്തേക്കുള്ള പ്ലാൻ തയ്യാറാക്കുന്നു. | ജൂൺ<br>രണ്ട് ആഴ്ച | ഗണിത അധ്യാപിക | ഗണിത ക്ലബ്ബ് |
| ജിയോജിബ്ര, AI സാങ്കേതികവിദ്യകൾ തുടങ്ങിയവ കൈകാര്യം ചെയ്യുവാൻ കുട്ടികളെ പ്രാപ്തരാക്കുക. | * ജ്യാമിതീയ രൂപങ്ങൾ, ബന്ധങ്ങൾ, അളവുകൾ ഇവ മനസ്സിലാക്കുന്നതിന് ജിയോജിബ്ര സോഫ്റ്റ്‌വെയർ പരിചയപ്പെടുകയും പഠനവിഭവങ്ങൾ സ്വയം തയ്യാറാക്കുകയും ചെയ്യുന്നു. | ജൂൺ<br>ഒരു മാസം | | |

# ഉപസംഹാരം

അക്കാദമിക് മാസ്റ്റർ പ്ലാൻ വിദ്യാർത്ഥികളുടെ സർവോന്മുഖ വളർച്ചയ്ക്കും വിദ്യാഭ്യാസ നിലവാരത്തിന്റെ ഉയർച്ചയ്ക്കും വലിയ പ്രാധാന്യമർഹിക്കുന്നു. പഠന-ബോധന രീതികളുടെ നവീകരണം, സാങ്കേതിക വിദ്യയുടെ പ്രയോജനപ്പെടുത്തൽ, അധ്യാപക-വിദ്യാർത്ഥി സൗഹൃദ പഠനാന്തരീക്ഷം, സഹപാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയുടെ ഏകോപനം വഴി വിദ്യാർത്ഥികളിൽ അറിവും കഴിവും മൂല്യബോധവും വളർത്തുകയാണ് പ്രധാന ലക്ഷ്യം. ഇതിലൂടെ വിജ്ഞാനശേഷിയുള്ളതും സാമൂഹിക ഉത്തരവാദിത്വമുള്ളതുമായ പുതിയ തലമുറയെ വളർത്തിയെടുക്കാൻ സാധിക്കും.

GOVT. HIGH SCHOOL
PIN-689 672
KEEKOZHOOR, RANNI

SREEJA K. S.
PEN:309828
HEADMISTRESS
G.H.S. KEEKOZHOOR